ശ്രീ. ഇട്ടീര അനുക്കൻ : ആ കമ്മിറ്റിയെ ഉടച്ചുവാക്കാൻ ആലോചന തുടങ്ങേണ്ടതാണെന്ന് ഗവണ്മെൻറിനു ഇതിനകം ബോദ്ധ്യമായിട്ടില്ലേ?

Mr. Speaker: That is discussion. It is not allowed.

ശ്രീ. അലക്സാണ്ടർ വാകയിൽ : കേന്ദ്ര ഫുഡ് പ്രൊഡക്ഷൻ കമ്മിറ്റിയിൽ കൃഷിവൃത്തിയിൽ പരിചയവും സാമർത്ഥ്യവുമുള്ള ആളുകളെക്കൂടി ഉൾപ്പെടുത്താൻ ഉദ്ദേശിക്കുന്നുണ്ടോ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെയുള്ളവരെക്കൂടി ഉൾപ്പെടുത്തുന്നതിനു വിരോധമില്ല.

ശ്രീ. അലക്സാണ്ടർ വാകയിൽ : വിരോധമുണ്ടോ എന്നല്ല ചോദിച്ചതു്? അവരെക്കൂടി ഉൾപ്പെടുത്താൻ ഗവണ്മെൻറ് ഉദ്ദേശിക്കുന്നുണ്ടോ എന്നാണു് ചോദിച്ചതു്?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ വേണമെന്നു് അഭിപ്രായമുണ്ടെങ്കിൽ അതിനെപ്പറ്റി ആലോചിക്കാം.

സൗജന്യം

*ക ാ ര ു. (നമ്പർ) ശ്രീ. എ. വി. ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട കൃഷിവകുപ്പു മന്ത്രി സദയം മറുപടി പറയുമോ.—

(എ) ക ൻ ു ാ മാർച്ചിനുശേഷം കുട്ടനാട്ടിലെ കൃഷിക്കാർക്കു എന്തു സൗജന്യം നൽകിയിട്ടുണ്ടു്;

(ബി) അതേമാതിരിയിലുള്ള സൗജന്യങ്ങൾ കുന്നത്തുനാട്ടിലെ കൃഷിക്കാർക്കും കൊടുക്കുവാൻ ദയവുണ്ടാകുമോ?

ചീഫ് മിനിസ്റ്റർ (ശ്രീ. ടി. കെ. നാരായണപിള്ള):

(എ) കുട്ടനാട്ടു കർഷകർക്കു് പ്രത്യേകമായി യാതൊരു സൗജന്യവും നൽകിയിട്ടില്ല.

(ബി) എ. ഭാഗം ഉത്തരത്തിൻറെ വെളിച്ചത്തിൽ ഈ ചോദ്യം ഉദിക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : കുട്ടനാട്ടിലെ കൃഷിക്കാർക്കു സൗജന്യമായി വളം നൽകിവരുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : സംസ്ഥാനം മുഴുക്കെ കൃഷിക്കാർക്കു് എതു സൗജന്യവ്യവസ്ഥയിലാണോ വളംകൊടുക്കുന്നതു് അതേ വ്യവസ്ഥയിൽ തന്നെയാണു് കുട്ടനാട്ടു കർഷകർക്കും വളം കൊടുക്കുന്നതു്. അവർക്കു പ്രത്യേകമായി യാതൊരു സൗജന്യവും കൊടുക്കുന്നില്ല.

ശ്രീ. ടി. ടി. കേശവൻശാസ്ത്രി : കുന്നത്തുനാടു താലൂക്കിലെ കർഷകർക്കും ആ സൗജന്യം കൊടുക്കുന്നില്ലേ?

ശ്രീ. ടി. കെ. നാരായണപിള്ള : കന്യാകുമാരി മുതൽ ചിറയിൻകീഴുവരെയുള്ള സകല താലൂക്കിലും ഒരേ സൗജന്യവ്യവസ്ഥയിൽതന്നെയാണു് വളം കൊടുക്കുന്നതു്.

ശ്രീ. റഫേൽ ജെ. റൊഡ്രിഗ്സ് : കുട്ടനാട്ടിലെ കർഷകർക്കു് സൗജന്യവ്യവസ്ഥയിൽ കൊടുക്കുന്ന വളം അവർ ഉപയോഗിക്കാതെ മറ്റസ്ഥലങ്ങളിലേക്കു് കടത്തിക്കൊണ്ടുപോകുന്നതായി ഗവണ്മെൻറിനറിയാമോ?

ശ്രീ. ടി. കെ. നാരായണപിള്ള : അങ്ങിനെ കടത്തിക്കൊണ്ടുപോകുന്നതായി വിചാരിക്കാൻ ന്യായമില്ല.

LIBRARY ARCHIVES Kerala Legislative Assembly